**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4454** **06-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ വാതിൽപ്പടി സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിൽ വാതിൽപ്പടി സേവനം നടപ്പിലാക്കിയിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി ബോർഡിൽ വാതിൽപ്പടി സേവനം പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള 39 സെക്ഷൻ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 01.10.2020-ന് ആരംഭിക്കുകയും തുടർന്ന് 2021 ആഗസ്റ്റ് മാസത്തോടുകൂടി എല്ലാ സെക്ഷനുകളിലേയ്ക്കും പ്രസ്തുത സേവനം വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഉപഭോക്താവ് ഓഫീസിൽ നേരിട്ട് പോകാതെയും അപേക്ഷ ഫോറം, മറ്റ് രേഖകൾ തുടങ്ങിയവ നേരിട്ട് സമർപ്പിക്കാതെയും സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുമോ; | (ബി) | സാധിക്കും. വാതിൽപ്പടി സേവനം വഴി പുതിയ വൈദ്യുതി കണക്ഷൻ, ഉടമസ്ഥാവകാശമാറ്റം കണക്റ്റഡ് ലോഡ് / കോൺട്രാക്റ്റ് ലോഡ് മാറ്റം. താരിഫ് മാറ്റം, വൈദ്യുതി ലൈൻ / മീറ്റർ മാറ്റി സ്ഥാപിക്കൽ ഉൾപ്പടെയുള്ള സേവനങ്ങൾ ലഭ്യമാണ്. ഇതിനായി അപേക്ഷകൻ സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പരും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പരിലോ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്യുന്നപക്ഷം കെ.എസ്.ഇ.ബി.എൽ ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷ തയ്യാറാക്കാൻ സഹായിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്യും. |
| (സി) | പ്രസ്തുത പദ്ധതി പൂർണ്ണമായും പ്രാവർത്തികമാക്കിയ ഇലക്ട്രിക് സെക്ഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കെ.എസ്.ഇ.ബി.എൽ-ന്റെ എല്ലാ സെക്ഷൻ ഓഫീസുകളിലും (776) എണ്ണം വാതിൽപ്പടി സേവനം പ്രാവർത്തികമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ